# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3780

### 21-06-2019 ൽ മറുപടിക്ക്

### കിഫ്ബി പദ്ധതികൾക്കായി ബോണ്ടുകൾ മുഖേനയുള്ള ധനസമാഹരണം

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസമാഹരണത്തിനുള്ള മസാല ബോണ്ടിനു പുറമെ മറ്റേന്തെല്ലാം ബോണ്ടുകൾ പുറത്തിറക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; ഓരോ ബോണ്ട് വഴിയും എത്ര രൂപവീതം സമാഹരിയ്ക്കാനാണ് ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ; | മസാല ബോണ്ടിന് പുറമെ ജനറൽ ഒബ്ലിഗേഷൻ ബോണ്ട് വഴി ധനസമാഹരണത്തിനും ബോർഡ് തീരുമാനം കൈക്കൊണ്ടിരുന്നു. എന്നാൽ ജനറൽ ഒബ്ലിഗേഷൻ ബോണ്ടു വഴിയുള്ള ധനസമാഹരണത്തിനുള്ള ഏജൻസികളെ നിശ്ചയിക്കാൻ ക്ഷണിച്ച ദർഘാസ് പ്രകാരം ആദായകരമായ നിരക്ക് ലഭ്യമാകാതിരുന്നതിനാൽ ആ ശ്രമം തല്ക്കാലം മാറ്റി വയ്ക്കുകയായിരുന്നു. സമയാസമയങ്ങളിൽ ഉചിതമായ മാർഗ്ഗങ്ങളിലൂടെ ആസ്തി-ബാദ്ധ്യത വിശകലനത്തിനെ അടിസ്ഥാനപ്പെടുത്തിയുള്ള ധനസമാഹരണമാണ് കിഫ്ബി നടത്തി വരുന്നത്. നിലവിലെ ആവശ്യത്തിനുതകുന്ന തുക കിഫ്ബി ഫണ്ടിൽ ലഭ്യമാണ്. ഭാവിയിലെ ആവശ്യം മുൻനിർത്തി കിഫ് ആക്ട് അനുശാസിക്കുന്ന വിവിധ ധനസമാഹരണ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തുന്നതാണ്. |
| (ബി) ഇത്തരം ബോണ്ടുകൾ വഴി ഏതെല്ലാം രീതിയിലാണ് ധനസമാഹരണം ലക്ഷ്യമിടുന്നത്; ഓരോ ബോണ്ടിന്റെയും പ്രത്യേകതകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | |
| (സി) രൂപയിലല്ലാതെ നിക്ഷേപിക്കുന്നതിനും വ്യക്തികളിൽ നിന്നും നിക്ഷേപം സ്വീകരിയ്ക്കുന്നതിനും ഇത്തരം ബോണ്ടുകൾ വഴി ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ